## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5047 06-02-2014-ൽ മറുപടിക്ക്.

### സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ മയക്ക് മരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗം

| ചോദ്യം: | | ഉത്തരം: |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ:<br>" മോൻസ് ജോസഫ്:<br>" റ്റി. യു. കുരുവിള:<br>" സി. എഫ്. തോമസ്: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ മയക്ക് മരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി, ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം, വിപുലമായ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സംസ്ഥാനത്ത്, ഹയർസെക്കന്ററി തലം വരെയുള്ള 810 സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി അദ്ധ്യാപകർക്കു വേണ്ടി 'അതിജീവനം' എന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സ്കൂൾ തലത്തിൽ എസ്.പി.സി., കോളേജ് തലത്തിൽ എൻ.എസ്.എസ്., എന്നിവയുടെ സഹകരണത്തോടെ, ശക്തമായ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടത്തി വരുന്നത്. |
| (ബി) സ്കൂൾ-കോളേജ് പരിസരങ്ങളിൽ പാൻമസാല ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വിപണനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നത്? | (ബി) | സ്കൂൾ-കോളേജ് പരിസരങ്ങളുടെ 100 മീറ്റർ ചുറ്റളവിൽ ലഹരി വസ്തുക്കളുടെ വിപണനം നിയമപരമായി നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ